# ബസേലിയസ് കോളജ്
## കോട്ടയം



# 59-ാമത്
# പേട്രൺ സെയിന്റ്സ് ഡേ ആചരണം

പരിശുദ്ധ ബസേലിയോസ്
ഗീവർഗീസ് ദ്വിതീയൻ
കാതോലിക്കാ ബാവാ
(കലാലയത്തിന്റെ കാവൽപിതാവ്)



അധ്യക്ഷൻ

**പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് തൃതീയൻ
കാതോലിക്കാ ബാവാ
(മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ)**



ഉദ്ഘാടനവും
അനുസ്മരണ
പ്രഭാഷണവും

**ഡോ. വി.പി.ഗംഗാധരൻ
(കാൻസർ
ചികിത്സാ വിദഗ്ദ്ധൻ)**

**മാർ ഡയനീഷ്യസ് ഹാൾ**
2023 ജനുവരി 5 വ്യാഴം, 2 പി.എം.

BASELIUS COLLEGE
ESTD. 1964
59ാമത്
പേട്രൺ സെയിന്റ്സ്
ഡേ ആചരണം
NAAC Re-accredited @ A++ Grade
with CGPA of 3.51
KOTTAYAM

ബഹുമാന്യരേ,

കോട്ടയം ബസേലിയസ് കലാലയത്തിന്റെ
നാമഹേതുകനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ്
ദ്വിതീയൻ കാതോലിക്കാ ബാവായുടെ 59–ാമത്
ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച്
**2023 ജനുവരി 5ന്,**
ബസേലിയസ് കലാലയം
**പേട്രൺ സെയിന്റ്സ് ഡേ**
ആചരിക്കുകയാണ്.

ഉച്ചയ്ക്ക് 2 മണിക്ക് മാർ ഡയനീഷ്യസ് ഹാളിൽ നടക്കുന്ന
സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ
**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**
**കാതോലിക്കാ ബാവാ** ആധ്യക്ഷം വഹിക്കും.

അറിവും അനുഭവവും സമന്വയിപ്പിച്ചുകൊണ്ട്
കാൻസർ ചികിത്സാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച
**ഡോ. വി.പി ഗംഗാധരൻ** പേട്രൺ സെയിന്റ്സ് ഡേ ഉദ്ഘാടനവും
അനുസ്മരണപ്രഭാഷണവും നിർവ്വഹിക്കും.

കലാലയകുടുംബം പിതൃസ്മരണയുടെ വിശുദ്ധിയിൽ
ഒത്തുചേരുന്ന ദിനത്തിൽ, ഈ വർഷം സേവനത്തിൽ
നിന്നു വിരമിക്കുന്ന കുടുംബാംഗങ്ങളെ ആദരിക്കും.
ധന്യമായ ഈ ചടങ്ങിലേക്ക് അങ്ങയെ
ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**പ്രൊഫ. ഡോ. ബിജു തോമസ്**
(പ്രിൻസിപ്പൽ)

**ഡോ. സെൽവി സേവ്യർ**
(ജനറൽ കൺവീനർ)

**ഡോ. ജോയി മർക്കോസ്**
(ബർസാർ)

**സണ്ണി വർഗീസ്**
(ജോ. കൺവീനർ)

# കാര്യപരിപാടി

05-01-2023 വ്യാഴം

| | | |
|---|---|---|
| 2 പി.എം | : | പൊതുസമ്മേളനം |
| പ്രാർത്ഥനാഗാനം | : | ഗായകസംഘം (എം.ജി.ഒ.സി.എസ്.എം) |
| സ്വാഗതം | : | പ്രൊഫ. ഡോ. ബിജു തോമസ് (പ്രിൻസിപ്പൽ) |
| അധ്യക്ഷപ്രസംഗം | : | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ (മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ) |
| പുഷ്പാർച്ചന | : | കലാലയത്തെ നയിച്ച പ്രിൻസിപ്പൽമാർ |
| ഉദ്ഘാടനവും അനുസ്മരണ പ്രഭാഷണവും | : | ഡോ. വി.പി. ഗംഗാധരൻ (കാൻസർ ചികിത്സാവിദഗ്ദ്ധൻ) |
| ആരാധനാഗീതം | : | ഗായകസംഘം |
| വിരമിക്കുന്ന കുടുംബാംഗങ്ങളെ ആദരിക്കൽ | : | പരിശുദ്ധ കാതോലിക്കാ ബാവാ |
| ഉപഹാരസമർപ്പണം | : | ഡോ. ജോയി മർക്കോസ് (ബർസാർ) |
| ആശംസകൾ | : | പ്രൊഫ. മാത്യു കോര (പ്രസിഡന്റ്, ഫോർട്ട്) |
| | : | ശ്രീ ജിതിൻ ജോൺ (പ്രസിഡന്റ്, സ്റ്റാഫ് ക്ലബ്ബ്) |
| | : | ശ്രീ സണ്ണി വർഗീസ് (എൻ.ടി.എസ്.എ) |
| | : | അരുൺ കുമാർ (കോളേജ് യൂണിയൻ ചെയർമാൻ) |
| കൃതജ്ഞത | : | ഡോ. സെൽവി സേവ്യർ (ജനറൽ കൺവീനർ) |
| ആശീർവാദം | | |



## പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ; ബസേലിയസ് കലാലയത്തിന്റെ നാമഹേതുകനായ പരിശുദ്ധൻ

കുറിച്ചി കല്ലാശ്ശേരിൽ കുടുംബത്തിൽ ഉലഹന്നാന്റെയും ആച്ചിയമ്മയുടെയും പുത്രനായി 1874 ജൂൺ 16ന് ജനിച്ചു. പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശിഷ്യനായി 1883 മുതൽ പരുമല സെമിനാരിയിൽ വൈദികപഠനം. 1912 സെപ്റ്റംബർ. 8ന് പരുമലപ്പള്ളിയിൽ വച്ച് ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി. 1929 ഫെബ്രുവരി 15ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് പ. ബസേലിയോസ് ഗീവർഗ്ഗീസ് രണ്ടാമൻ എന്ന നാമധേയത്തിൽ കാതോലിക്കായായും 1934-ൽ മലങ്കര മെത്രാപ്പോലീത്തായായും സ്ഥാനാരോഹണം. ഏറ്റവും കൂടുതൽകാലം മലങ്കരസഭയുടെ പരമാധ്യക്ഷപദം അലങ്കരിച്ച സഭാപിതാവ്. സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, മർത്തമറിയം വനിതാസമാജം എന്നീ ആത്മീയസംഘടനകൾക്കു തുടക്കം കുറിച്ചു. 1937-ൽ എഡിൻബറോയിൽ നടന്ന അഖിലലോക സഭാസമ്മേളനത്തിൽ സംബന്ധിച്ചു. 1956-ൽ കോട്ടയം പഴയസെമിനാരിയിൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുമായും 1957-ൽ കോട്ടയം എം.ഡി. സെമിനാരിയിൽ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവുമായും കൂടിക്കാഴ്ച നടത്തി.

നിരന്തരമായ പ്രാർത്ഥനയും വ്രതനിഷ്ഠമായ സന്യാസജീവിതവും വേദപുസ്തകപാണ്ഡിത്യവും സമന്വയിച്ച പരിശുദ്ധ ബാവായുടെ കാലഘട്ടത്തിൽ മലങ്കരസഭയ്ക്ക് ആഗോളപ്രശസ്തി കൈവന്നു. 1964 ജനുവരി 3ന് പ.ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ കാലം ചെയ്തു. സാംസ്ക്കാരിക നവോത്ഥാനം ലക്ഷ്യമാക്കി വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തിയ ക്രാന്തദർശിയായ ഈ പരിശുദ്ധ പിതാവിന്റെ നാമധേയത്തിൽ 1964-ൽ കോട്ടയത്ത് ബസേലിയസ് കോളജ് ആരംഭിച്ചു. ജനുവരി 2, 3 തീയതികളിൽ പരിശുദ്ധപിതാവ് കബറടങ്ങിയ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കുന്ന ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് ബസേലിയസ് കലാലയം 'പേട്രൻ സെയിന്റ്സ് ഡേ' ആചരിക്കുന്നു.



| | |
|---|---|
| **പ്രോഗ്രാം കമ്മറ്റി**<br>കൺവീനർ: **ഡോ. തോമസ് കുരുവിള**<br>ജോ. കൺവീനർ: **ശ്രീ. ഷിബു കെ. പുന്നൂസ്** | **കറസ്പോണ്ടൻസ് കമ്മറ്റി**<br>കൺവീനർ: **ഡോ. വിദ്യ മെർലിൻ വർഗീസ്**<br>ജോ. കൺവീനർ: **ശ്രീ. ജിബി ജോസഫ്** |
| **റിസപ്ഷൻ കമ്മറ്റി**<br>കൺവീനർ: **ഡോ. ജ്യോതി സൂസൻ ഏബ്രഹാം**<br>ജോ. കൺവീനർ: **ശ്രീ. ബൈജു കുര്യാക്കോസ്** | **ഹോസ്പിറ്റാലിറ്റി കമ്മറ്റി**<br>കൺവീനർ: **ഡോ. വിജു കുര്യൻ**<br>ജോ. കൺവീനർ: **ശ്രീ. ഷേബു സി.വി.** |
| **ഡിസിപ്ലിൻ കമ്മറ്റി**<br>കൺവീനർ: **പ്രൊഫ. ഷിബു എം. ജോർജ്**<br>ജോ. കൺവീനർ: **ശ്രീ. റോയി ചാക്കോ** | **പബ്ലിസിറ്റി കമ്മറ്റി**<br>കൺവീനർ: **ഡോ. അഞ്ജു ലിന്റ വർഗീസ്**<br>ജോ. കൺവീനർ: **ശ്രീ. ബിജു കെ. ജേക്കബ്** |

